**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 20, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

2222 -ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 08-07-2010-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 2222-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) മേശപ്പുറത്തുവച്ചു.

## അടിയന്തിര പ്രമേയം

സുനാമി പുനരധിവാസ പദ്ധതി

മി. സ്പീക്കർ : സുനാമി റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി 11000 വീടുകൾ നിർമ്മിക്കാൻ മന്ത്രിസഭ തീരുമാനിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും പകുതി വീടുകളുടെ നിർമ്മാണംപോലും പൂർത്തിയാക്കാത്ത

തിനാൽ സുനാമിബാധിതരെ പുനരധിവസിപ്പിക്കാൻ കഴിയാത്തതിനെ ത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. ജോർജ്, കെ.സി. ജോസഫ്, കെ.പി. മോഹനൻ, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗ ങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സുനാമി പുനരധി വാസ പദ്ധതി പ്രകാരം ടെണ്ടർ പാക്കേജിലും സ്പെഷ്യൽ പാക്കേജിലുമായി നിർമ്മിച്ചുനൽകേണ്ട 12208 വീടുകളിൽ 4657 വീടുകളുടെ താക്കോൽദാനം നടത്തിയിട്ടുണ്ട്. 7421 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 174 വീടുകളുടെ നിർമ്മാണം സംബന്ധിച്ച കേസ് കോട തിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം ജില്ലയിലെ 658 വീടുകളിൽ ബീമാപ്പള്ളിയിലെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറുകയും പേട്ടയിലും തിരുവനന്തപുരത്തും നിർമ്മിച്ച വീടുകളുടെ താക്കോൽ അടുത്തയാഴ്ച കൈമാറുന്നതുമാണ്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം 5 തെക്കൻ ജില്ലകളിലെ വീടുകളുടെ നിർമ്മാണം നിയമാ നുസൃതം തെരഞ്ഞെടുത്ത വിവിധ ഏജൻസികളും വടക്കൻ ജില്ലകളിൽ ഹൗസിംഗ് ബോർഡുമാണ് നിർവ്വഹിക്കുന്നത്. തിരുവനന്തപുരം അഞ്ചുതെ ങ്ങിലെ വീടുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് ഏല്പിച്ചിട്ടുള്ളത്. അവിടെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് നടത്തിയ മണ്ണ് പരിശോധനയിൽ സാൻഡ് പൈലിംഗ് വേണമെന്ന് നിർദ്ദേശി ച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവുംകുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത

മെസ്സേഴ്സ് ജെ.വി.എം. അസോസിയേറ്റ്സിന് പ്രസ്തുത പണി നൽകുകയുണ്ടായി. കെട്ടിടംപണിയും മറ്റ് വികസനജോലികളും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏല്പിക്കുകയും കരാർ പ്രകാരം 15 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തു. പൈലിംഗ് ജോലികൾ നടന്നുവരവേ വീണ്ടും നടത്തിയ മണ്ണ് പരിശോധനയിൽ മണ്ണിന്റെ ഘടനയും മറ്റ് പ്രത്യേകതകളും വച്ച് രണ്ടുനില വീടു പണിയാൻ പറ്റുകയില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഗുണഭോക്താക്കളെക്കൊണ്ടുതന്നെ 97 ഒറ്റനില വീടുകൾ പണിയുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വീടൊന്നിന് വഴി ഉൾപ്പെടെ മൂന്ന് സെന്റ് സ്ഥലത്തോടൊപ്പം 2.78 ലക്ഷം രൂപ മുൻകൂർ ഗഡുക്കളായി നൽകുകയും ചെയ്തു. സാൻഡ് പൈലിംഗിന് 73 ലക്ഷം രൂപ ഉദ്ദേശിച്ചിരുന്നുവെങ്കിലും 27.75 ലക്ഷം രൂപ മാത്രമാണ് ചെലവായത്. ഹാബിറ്റാറ്റിന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 1.12 കോടി രൂപയിൽ ലാൻഡ് ഡെവലപ്മെന്റ് വർക്കിന്റെ തുക കഴിച്ച് ബാക്കി തിരിച്ചടയ്ക്കാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ.പി.സി. ജോർജ്</u>: 8-1-2007-ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് സുനാമി ദുരിതാശ്വാസ പദ്ധതി പ്രകാരം 9 ജില്ലകളിലായി 11000 വീടുകളാണ് നിർമ്മിച്ചു നൽകേണ്ടത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക ബാധ്യതയില്ലാത്ത പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ മൂന്നര വർഷക്കാലം കൊണ്ട് 4157 വീടുകൾ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സുനാമി പുനരധിവാസത്തിനായി കേന്ദ്ര ഗവൺമെന്റ് നൽകിയ തുക യാതൊരു ഉത്തരവാദിത്വവുമില്ലാതെ വകമാറ്റി ചെലവഴിച്ചതുകൊണ്ടാണ് പദ്ധതി നിർവ്വഹണം

അവതാളത്തിലായത്. ഗവൺമെന്റ് ഉത്തരവുപ്രകാരം ആലപ്പുഴയിൽ 4544 വീടുകളും എറണാകുളത്ത് 486 വീടുകളും തിരുവനന്തപുരത്ത് 1375 വീടുകളുമാണ് നിർമ്മിച്ചുനൽകേണ്ടത്. തിരുവനന്തപുരം ജില്ലയിൽ മൂന്ന് താലൂക്കുകളിൽ മാത്രമേ സുനാമി പുനരധിവാസ പ്രവർത്തനം നടത്തിയിട്ടുള്ളൂ. ബീമാപള്ളിയിൽ 31 വീടുകൾ നിർമ്മിച്ച് താക്കോൽദാനം നിർവ്വഹിക്കാൻ വേദിയൊരുക്കിയപ്പോൾ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതുകൊണ്ട് അതിൽ പകുതി വീടുകൾ കൊടുക്കാൻ കഴിഞ്ഞില്ല. കടയ്ക്കാവൂർ വില്ലേജിലെ അഞ്ചുതെങ്ങിൽ 3.34 ഏക്കർ സ്ഥലത്ത് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുവേണ്ടി ഹാബിറ്റാറ്റ് ഗ്രൂപ്പിന് 1.12 കോടി രൂപ കൊടുത്തു. പ്രസ്തുത സ്ഥലം ഹൗസിംഗ് കോളനിക്ക് ഉചിതമല്ലെന്ന് ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിക്കുകയും വേറെ സ്ഥലം കണ്ടെത്തണമെന്ന നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകുകയും ചെയ്തെങ്കിലും സ്ഥലം കണ്ടെത്തിയില്ല. അഞ്ചുതെങ്ങിൽ സാന്റ് പൈലിംഗ് നടത്തി കെട്ടിടം പണിയാമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി ജെ.ബി.എം. അസോസിയേറ്റ്സിന് 20 ലക്ഷം രൂപ കൊടുത്തു. അതിനുശേഷം സാന്റ് പൈലിംഗ് നടത്തിയാലും കെട്ടിടത്തിന് ഉറപ്പുണ്ടാവില്ലെന്ന് സോയിൽ മെക്കാനിക്കൽ വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാന്റ് പൈലിംഗ് നിർത്തി വച്ചു. സാന്റ് പൈലിംഗിന് കൊടുത്ത പണവും നഷ്ടപ്പെട്ടു. എക്സ്പെർട്ടുകൾ പരിശോധിച്ച് വീട് വയ്ക്കാൻ പറ്റിയ ഭൂമിയല്ലെന്ന് പറഞ്ഞിട്ടും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി പണം നൽകിയതിന്റെ കാരണം വ്യക്തമാക്കണം. നിർമ്മിച്ചുകൊടുത്ത വീടുകൾ പലതും ചോർന്നൊലിക്കുകയാണ്. സുനാമി ഫണ്ടുപോലും ദുർവിനിയോഗം

ചെയ്തുകൊണ്ട് പാവപ്പെട്ടവരെ ദുരിതത്തിലാഴ്ത്തുന്ന നടപടി തികച്ചും നിഷേധാത്മകമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചുവെന്ന് ആരോപണം ഉന്നയിക്കുകയും വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തവർ തന്നെ 2007-ലുണ്ടായ തീപിടുത്തത്തിൽ കത്തിനശിച്ച വീടുകൾ സുനാമി ഫണ്ടുപയോഗിച്ച് പുനർ നിർമ്മിച്ചു നൽകുന്നത് അപലപനീയമാണ്. പ്രസ്തുത വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുനാമി വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് കോടതിയിലുണ്ടായിരുന്ന കേസുകൾ തീർപ്പായതിനു ശേഷം മാത്രമാണ് തുടർനടപടി സ്വീകരിക്കാൻ സാധിച്ചത്. അതിനുശേഷം കൊല്ലത്ത് 248 വീടുകൾ നിർമ്മിച്ചുനൽകി. ക്യൂ.എസ്.എസ്. കൊല്ലം ടൗണിൽ 168 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിനകം നാലായിരത്തിലധികം വീടുകൾ കൈമാറിയിട്ടുണ്ട്. നവംബർ മാസത്തോടുകൂടി ഏഴായിരത്തിലധികം വീടുകൾ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൈമാറുന്നതാണ്. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ചുരുക്കം ചില സ്ഥലത്തുണ്ടായ കോടതി കേസ്സുൾപ്പെടെയുള്ള പ്രതിസന്ധികൾ ജനപ്രതിനിധികളുമായി ചർച്ചചെയ്ത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഹൗസിംഗ് ബോർഡ് ബീമാപള്ളിയിൽ വീടു നിർമ്മിച്ചു കൊടുത്തതിലുണ്ടായ തർക്കം പരിഹരിക്കുകയും ആ വീടുകളിൽ ആളുകൾ താമസം തുടങ്ങുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പന്തീരായിരത്തിലധികം വീടുകൾ ഈ വർഷാവസാനത്തോടെ നിർമ്മിച്ചുകൊടുക്കുന്നതാണ്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, പി.സി. ജോർജ്, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കള്ള് വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.എസ്. സുനിൽ കുമാർ: കള്ള് വ്യവസായരംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഉദയ ഭാനു/ലളിതാംബിക കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കണം. കള്ളുഷാപ്പുകൾക്കും വിദേശ മദ്യഷാപ്പുകൾക്കുമുള്ള ദൂര പരിധിയിൽ തുല്യത പാലിക്കണം. കള്ളുഷാപ്പുകൾ വഴി ശുദ്ധമായ കള്ള് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ മേഖലയെ സംരക്ഷിക്കാൻ ശാസ്ത്രീയമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കണം. കള്ളിൽ നിന്ന് നീര പോലെയുള്ള വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നതിന് കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കണം. കള്ളുചെത്ത് തൊഴിൽ അന്യംനിന്നുപോകാതെ പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കണം തൊഴിലാളികൾക്ക് കിലോഗ്രാമിന് രണ്ട് രൂപയ്ക്ക് അരി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കള്ള് വ്യവസായം സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചിട്ട 757 കള്ളുഷാപ്പുകൾ പുന:സ്ഥാപിച്ചു. 5215 കള്ളുഷാപ്പുകളാണ് സംസ്ഥാനത്ത് ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നത്. കള്ളുഷാപ്പുകൾക്ക് 30 ശതമാനം ലൈസൻസ് ഫീസ് ഇളവ് ചെയ്തു. പരമ്പരാഗതമായി ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് ഷാപ്പ് ഏൽപ്പിച്ചുകൊടുക്കാൻ തീരുമാനമെടുത്തു. ലളിതാംബിക കമ്മിഷന്റെ നിയമപരിഷ്ക്കരണ ശുപാർശകളെല്ലാം അംഗീകരിച്ചു. പുതിയ കള്ളുഷാപ്പുകൾ ആരംഭിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ദൂരപരിധിയിൽ മാറ്റം വരുത്തേണ്ടതില്ല. കള്ളിൽ മായം ചേർക്കുന്നതിനെതിരെ തൊഴിലാളി സംഘടനകൾ ശക്തമായി മുന്നോട്ടുവന്നാൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കും. കള്ളുഷാപ്പ് പരിശോധന തുടരുകയും നിയമവിരുദ്ധ നടപടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യും. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യാൻ സർക്കാർ സന്നദ്ധമാണ്. തൊഴിലാളികൾക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുന്ന കാര്യം പരിഗണിക്കാം.

(2) വിദ്യാഭ്യാസ അവകാശ നിയമം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് അടിയന്തിരമായി നടപ്പാക്കണം. ഈ നിയമം വിദ്യാഭ്യാസത്തെ പൗരന്റെ മൗലികാവകാശമായി മാറ്റിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഏഴാമത് വിദ്യാഭ്യാസ സർവ്വേ അനുസരിച്ച് 6-നും 14-നും ഇടയ്ക്ക് പ്രായമുള്ള 19 കോടി കുട്ടികളിൽ ഒരു

കോടിയിൽപ്പരം പേർ വിദ്യാലയങ്ങളിൽ പോകാത്തവരും പോയാൽത്തന്നെ 50 ശതമാനം കുട്ടികളും 8-ാം ക്ളാസ്സിൽ എത്തുന്നതിന് മുമ്പുതന്നെ കൊഴിഞ്ഞുപോകുന്നവരുമാണ്. കൊഴിഞ്ഞുപോകുന്നതിൽ മഹാഭൂരിപക്ഷവും പെൺകുട്ടികളാണ്. പാഠപുസ്തകങ്ങളും യൂണിഫോമുകളും സൗജന്യമായി നൽകിയും ആവശ്യമായ അടിസ്ഥാനസൗകര്യവും കളിക്കളവും ഒരുക്കി സ്കൂളുകളെ കൂടുതൽ ആകർഷകമാക്കിയും മൾട്ടി ഗ്രേഡ് ലേണിംഗ് സിസ്റ്റം ഉപയോഗപ്പെടുത്തി പഠിപ്പിക്കാൻ അവസരമൊരുക്കുവാൻ പ്രസ്തുത നിയമം വഴിയൊരുക്കുന്നു. അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യമൊരുക്കുക, പ്രൈമറിഘട്ടം പൂർത്തിയാക്കുന്നതുവരെ വിദ്യാലയത്തിൽ സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുക, കുട്ടിയുടെ ഹാജർ ഉറപ്പാക്കുന്നതിനും പഠനം പൂർത്തിയാക്കുന്നതിനും പ്രത്യേകം പരിരക്ഷ നൽകുക, 6 വയസ്സ് കഴിഞ്ഞിട്ടും സ്കൂൾ പ്രവേശനം നേടിയിട്ടില്ലാത്ത കുട്ടികൾക്ക് പ്രായത്തിനനുസരിച്ച് ഉചിതമായ ക്ളാസ്സുകളിൽ പ്രവേശനം ലഭ്യമാക്കുക, ഓരോ തദ്ദേശഭരണ സ്ഥാപനവും 6-നും 14-നും ഇടയിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കൊഴിഞ്ഞുപോകാതിരിക്കുന്നതിന് സൂക്ഷ്മനിരീക്ഷണം നടത്തി രജിസ്റ്റർ സൂക്ഷിക്കുക, കുട്ടികളെ ശാരീരികമായി ശിക്ഷിക്കുന്നതും മാനസികമായി പീഡിപ്പിക്കുന്നതും തലവരി സമ്പ്രദായവും നിറുത്തലാക്കുക തുടങ്ങിയ നിരവധി പരിഷ്ക്കാരങ്ങൾ നിയമത്തിലുണ്ട്. സ്കൂളുകളിൽ 25 ശതമാനം സീറ്റുകൾ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യണമെന്നും പറയുന്നുണ്ട്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ലോവർ പ്രൈമറി തലത്തിൽ 1:30-ഉം അപ്പർ പ്രൈമറിതലത്തിൽ 1:35-ഉം എന്ന നിലയിൽ

പരിഷ്ക്കരിക്കണമെന്നും എൽ.പി. വിഭാഗം 5-ാം ക്ലാസ്സ് വരെയും യു.പി. വിഭാഗം 8-ാം ക്ലാസ്സ് വരെയുമാക്കി ദേശീയതലത്തിൽ ഒരു ഏകഘടനാ സ്വഭാവത്തിലേയ്ക്ക് മാറ്റണമെന്നും അദ്ധ്യാപകരുടെ ജോലിസമയം, അദ്ധ്യയനദിനങ്ങൾ എന്നിവയെ സംബന്ധിച്ചും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇൻഡ്യയിലെ മുഴുവൻ കുട്ടികൾക്കും ഈ വിദ്യാഭ്യാസം ഉറപ്പാക്കണം. കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ കണക്കനുസരിച്ച് അഞ്ചു വർഷത്തേയ്ക്ക് ഈ നിയമം നടപ്പിലാക്കാൻ 1.78 ലക്ഷം കോടി രൂപയാണ് വേണ്ടത്. 50000 കോടി രൂപ എസ്.എസ്.എ. പദ്ധതി വഴി ലഭ്യമാക്കുമെന്ന് പറയുന്നു. 13-ാം പദ്ധതിയിൽ എസ്.എസ്.എ. പദ്ധതി വഴി പ്രതീക്ഷിക്കുന്നത് 60000 കോടി രൂപയാണ്. ഇതിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ നൽകണം. ബാക്കി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ബാധ്യതയായിട്ട് വരും. സംസ്ഥാന സർക്കാരുകളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ സംസ്ഥാന സർക്കാരിന്റെ വിഹിതം കണ്ടെത്തുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുകയുള്ളൂ. സ്കൂൾ പ്രവേശന പ്രായം 6 വയസ്സാകുമ്പോൾ ആദ്യത്തെ ഒരു വർഷം ഒന്നാം ക്ലാസ്സിൽ ഇതുമൂലമുണ്ടായേയ്ക്കാവുന്ന വിദ്യാർത്ഥികളുടെ കമ്മി, ലോവർ പ്രൈമറി 1 മുതൽ 5 വരെയും അപ്പർ പ്രൈമറി 8 വരെയുമാക്കുമ്പോൾ ഉണ്ടാകുന്ന ഘടനാമാറ്റം സംബന്ധിച്ച പ്രതിസന്ധികൾ, ഒരു ഡിവിഷന് ഒരു അദ്ധ്യാപകൻ എന്ന നിലയിൽനിന്ന് മാറി 60 കുട്ടികൾക്ക് രണ്ട് അദ്ധ്യാപകർ എന്ന നില ക്രമീകരിക്കേണ്ടത്, പ്രീ-പ്രൈമറിയുടെ അനിവാര്യത തുടങ്ങി ഒട്ടേറെ അക്കാദമിക് വിഷയങ്ങളും ആവശ്യമായ

അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്ന ഭാഷാ അദ്ധ്യാപകരെ നിലനിറുത്തുന്നതും അടക്കമുള്ള വിഷയങ്ങൾ ഗൗരവത്തിൽ കാണണം. വിദ്യാഭ്യാസരംഗത്ത് വൻതോതിൽ നിക്ഷേപിക്കുകയും പൊതു വിദ്യാഭ്യാസമേഖലയെ കാര്യക്ഷമാക്കുന്നതിന് എല്ലാ കാലത്തും ശ്രമിക്കുകയും ചെയ്യുന്ന കേരളത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന് തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കേന്ദ്ര നിയമം അതേപടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കേരളത്തിൽനിന്നുള്ള സർവ്വകക്ഷിസംഘം കേന്ദ്ര സർക്കാരിന്റെയും പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സ്ക്കൂൾ പ്രവേശനപ്രായം 5 വയസ്സ് എന്നത് ഈ നിയമത്തിൽ 6 ആണ്. സ്ക്കൂൾ വിദ്യാഭ്യാസത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനാൽ 5-ാം ക്ലാസ്സ് ലോവർ പ്രൈമറിയായും 8-ാം ക്ലാസ്സ് എലിമെന്ററിയായും മാറും. അപ്പോൾ അദ്ധ്യാപക പുനർവിന്യാസമടക്കമുള്ള അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്. മാത്രമല്ല, കേന്ദ്ര നിയമത്തിന് ജനന സർട്ടിഫിക്കറ്റ് ബാധകമല്ല. ശരിയായ ജനനത്തീയതി ഇല്ലാതെ സ്കൂളിൽ

ചേർക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനം നടത്തിയ ശ്രമങ്ങൾക്ക് ഈ തീരുമാനം ദോഷകരമാകും. ഒരു ഡിവിഷന് ഒരു അദ്ധ്യാപകൻ എന്ന നിലവിലുള്ള മാനദണ്ഡത്തിൽനിന്നും കുട്ടികളുടെ നമ്പർ നോക്കി അദ്ധ്യാപകരെ വയ്ക്കണമെന്ന വ്യവസ്ഥ ക്ലാസ് ഡിവിഷനുകളുടെ എണ്ണം നോക്കി അദ്ധ്യാപകരെ കണക്കാക്കുന്ന കെ.ഇ.ആർ. വ്യവസ്ഥയിൽനിന്നും ഭിന്നമാണ്. ദുർബലവിഭാഗങ്ങൾക്ക് 25 ശതമാനം സീറ്റ് റിസർവേഷൻ അൺ-എയ്ഡഡ് വിദ്യാലയങ്ങളിലും അനുവദിക്കണമെന്നാണ് പറയുന്നത്. ഇപ്പോൾത്തന്നെ സംസ്ഥാനത്തിലെ എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ പൊതു വിദ്യാലയ ശൃംഖലയും ആവശ്യത്തിന് അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. ഈ അവസരത്തിൽ അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേരാൻ അനുവദിക്കുന്നതും അവരുടെ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതും സർക്കാരിന്റെ വിദ്യാഭ്യാസച്ചെലവ് ഇരട്ടിയായി വർദ്ധിപ്പിക്കാനിടയാക്കും. എന്നാൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് ആക്ടിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല. ഈ പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ട് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുംവിധം കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീമതി ലിഡാ ജേക്കബിനെ കമ്മീഷനായി നിയമിക്കുന്നതാണ്.

## സബ്മിഷൻ

### (1) <u>തോണിക്കടവിൽ തൂക്കുപാലം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : അഞ്ചുതെങ്ങ്, കടയ്ക്കാവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും സ്കൂൾകുട്ടികൾ, മത്സ്യത്തൊഴിലാളികൾ

എന്നിവർ ആശ്രയിക്കുന്നതുമായ തോണിക്കടവിൽ തൂക്കുപാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : മലപ്പുറം ജില്ലയിലെ അരീക്കോട് മൂർക്കനാട് കടവിൽ 8 കുട്ടികളുടെ മരണത്തിനിടയാക്കിയ തോണിയപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കുട്ടികൾ സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ആശ്രയിക്കുന്ന കടവുകളെക്കുറിച്ച് സംസ്ഥാന ദുരന്തനിവാരണ വകുപ്പ് നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് അത്തരത്തിലുള്ള 554 കടവുകളുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഈ കടവുകളിലെല്ലാം പാലം പണിയുന്നതിനായി 559 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കിയിരുന്നു. ഈ തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഓരോ ജില്ലയിലും രണ്ട് പാലങ്ങൾ വീതവും അതിനുപുറമേ മലപ്പുറം ജില്ലയിൽ മൂർക്കനാട് കടവിൽ ഒരു പാലവും ഉൾപ്പെടെ സംസ്ഥാന സർക്കാർ നേരിട്ട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള 29 പാലങ്ങളിൽ ചിറയിൻകീഴ് താലൂക്കിലെ തോണിക്കടവും ഉൾപ്പെടുന്നുണ്ട്. മൂർക്കനാട് കടവിൽ പാലം നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം ഈ 29 പാലങ്ങളുടെയും നിർമ്മാണം ആരംഭിക്കുന്നതാണ്. ബാക്കിയുള്ള പാലങ്ങൾ പണിയുന്നതിനുള്ള 530 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## (2) അഭിഭാഷകർക്കുള്ള ക്ഷേമനിധി

ശ്രീ. എൻ. അനിരുദ്ധൻ : അഭിഭാഷക ക്ഷേമനിധി നിയമം നടപ്പാക്കാനും യുവ അഭിഭാഷകർക്ക് 5 വർഷത്തേയ്ക്ക് ക്ഷേമനിധി വിഹിതം അടയ്ക്കണ്ടെന്നുള്ള വ്യവസ്ഥ പുന:സ്ഥാപിക്കാനും അഭിഭാഷകർക്കുള്ള ചികിത്സാ സഹായം പരമാവധി ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : അഭിഭാഷക ക്ഷേമനിധി മൂന്ന് ലക്ഷത്തിൽനിന്ന് അഞ്ച് ലക്ഷം രൂപയായും വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി ഒരു ലക്ഷത്തിൽനിന്നും രണ്ട് ലക്ഷം രൂപയായും ഉയർത്തുന്നതിന് ഈ സർക്കാർ രണ്ട് ഓർഡിൻസുകൾ ഇറക്കാൻ തീരുമാനിക്കുകയും അഭിഭാഷക ഗുമസ്തന്മാർക്കുള്ള ക്ഷേമനിധി ബിൽ നിയമസഭ പാസ്സാക്കി ഇപ്പോൾ നടപ്പിലാക്കിവരികയുമാണ്. ബാർ കൗൺസിലും അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്ന ട്രസ്റ്റി കമ്മിറ്റിയാണ് അഭിഭാഷക ക്ഷേമനിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടത്. അഭിഭാഷകരുടെ ആവശ്യം സർക്കാർ ട്രസ്റ്റി കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ആക്ടിൽ ഭേദഗതി വരുത്തണമെന്ന ട്രസ്റ്റി കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് 1980-ലെ അഭിഭാഷക ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്ത് 2008 ജൂൺ 10-ാം തീയതി പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(3) <u>പോലീസ് അസോസ്സിയേഷൻ തെരഞ്ഞെടുപ്പ്</u>

<u>ശ്രീ. കെ. ബാബു</u> : സംസ്ഥാനത്തെ പോലീസ് അസോസ്സിയേഷന്റെ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിന് ഔദ്യോഗികപക്ഷം രാഷ്ടീയമായ ഇടപെടൽ നടത്തുന്നതായും പോലീസുകാരിൽനിന്നും പ്രോക്സി വോട്ടിനുള്ള അപേക്ഷ ഭീഷണിപ്പെടുത്തി ഒപ്പിട്ടുവാങ്ങുന്നതായുമുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ അസോസ്സിയേഷന്റെ കോഡ് ഓഫ് കോണ്ടക്ട് അനുസരിച്ച് നിഷ്പക്ഷമായും നീതിപൂർവ്വമായും തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്തണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :</u> കേരള പോലീസ് അസോസ്സിയേഷൻ തെരഞ്ഞെടുപ്പ് വ്യക്തമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്. കേരള പോലീസിലെ പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ റാങ്കിലുള്ളവർ അംഗങ്ങളായിട്ടുള്ള അസോസ്സിയേഷന്റെ ചട്ടം (8) പ്രകാരം ബ്രാഞ്ച് അസോസ്സിയേഷനിലേയ്ക്കും സംസ്ഥാന അസോസ്സിയേഷനിലേയ്ക്കും മറ്റ് വിവിധ ഓഫീസുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് ഓരോ വർഷവും ജൂലൈ മാസത്തിലാണ് നടത്തേണ്ടത്. ഓരോ വർഷവും മേയ് 1-നും 31-നും ഇടയ്ക്ക് അതാത് യൂണിറ്റ് മേധാവികൾ യോഗ്യതയുള്ള എല്ലാ അംഗങ്ങളുടേയും നിയോജകമണ്ഡലം അടിസ്ഥാനമാക്കിയുള്ള പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിക്കുകയും ചട്ടം 8(5) പ്രകാരം വോട്ടർപട്ടികയിലുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്. തെരഞ്ഞെടുപ്പിനുള്ള വരണാധികാരികളെ അസോസ്സിയേഷൻ അംഗങ്ങൾ നറുക്കെടുപ്പിലൂടെ

യാണ് നിശ്ചയിക്കുന്നത്. പോലീസ് അസോസ്സിയേഷൻ പൂർണ്ണമായും രാഷ്ട്രീയേതര സംഘടനയാണെന്ന് അസോസ്സിയേഷന്റെ ചട്ടങ്ങളിലെ ഉദ്ദേശലക്ഷ്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പോലീസ് ആക്ടിന്റേയും പോലീസ് ഫോഴ്സിന്റെയും പരിധിക്കുള്ളിൽനിന്നാണ് പോലീസ് അസോസ്സിയേഷൻ പ്രവർത്തിച്ചുവരുന്നത്. അസോസ്സിയേഷന്റെ അംഗങ്ങൾതന്നെ അവരുടെയിടയിൽനിന്ന് ഒരാളെ വരണാധികാരിയായി തെരഞ്ഞെടുക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. അസോസ്സിയേഷന്റെ ഭരണഘടന അനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രോക്സി വോട്ടിംഗിനെ സംബന്ധിച്ച ആക്ഷേപം സർക്കാർ പരിശോധിക്കുകയുണ്ടായി. യോഗ്യതയുള്ള ഏതെങ്കിലും അംഗത്തിന് രോഗം, അവധി, ദൂരസ്ഥലങ്ങളിലെ ഡ്യൂട്ടി എന്നീ കാരണങ്ങളാൽ തെരഞ്ഞെടുപ്പ് സ്ഥലത്തുനിന്ന് മാറി നിൽക്കേണ്ടിവരുന്ന സാഹചര്യത്തിലാണ് സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിന് നിയോജകമണ്ഡലത്തിലെ യോഗ്യതയുള്ള അംഗത്തിനെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഒപ്പോടുകൂടി രേഖാമൂലം അധികാരപ്പെടുത്തുന്നത്. പോലീസുകാരെ ഭീഷണിപ്പെടുത്തി പ്രോക്സി വോട്ടിനുള്ള അപേക്ഷ വാങ്ങുന്നുവെന്ന പരാതി ലഭിക്കുകയാണെങ്കിൽ പ്രത്യേകം പരിശോധിക്കുന്നതാണ്.

(4) <u>കൺവെൻഷൻ സെന്റർ</u>

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: കോഴിക്കോട് നഗരം മെട്രോ സിറ്റിയായി വളർന്നുകൊണ്ടിരിക്കുന്നതിനാലും അന്തർദ്ദേശീയ-ദേശീയ തലത്തിലുള്ള നിരവധി സെമിനാറുകൾക്കും സമ്മേളനങ്ങൾക്കും വേദിയായി മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഗാന്ധി

പാർക്കിലുള്ള മൂന്നേക്കർ സ്ഥലത്ത് അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഇൻകെൽ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിന് 26-7-2008-ലെ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. തുടർന്ന് 31-8-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കോഴിക്കോട് വെള്ളയിൽ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ കൈവശമുള്ള 3.37 ഏക്കർ സ്ഥലത്ത് കിൻഫ്രയും ഇൻകെലുമായി ചേർന്ന് സംയുക്ത സംരംഭത്തോടെ പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകി. 17-6-2010-ന് സംസ്ഥാന സർക്കാരും കിൻഫ്രയും ഇൻകെലും കെ.എസ്.ഒ യും ചേർന്ന് ഒരു എഗ്രിമെന്റിൽ ഏർപ്പെട്ടുകൊണ്ട് പ്രസ്തുത ഭൂമി ഇൻകെൽ-കിൻഫ്ര സംയുക്തസംരംഭത്തിന് കൈമാറുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് 100-കോടി രൂപ മുതൽമുടക്കിൽ ഇൻകെൽ-കിൻഫ്രയുമായി ചേർന്ന് ഒരു കൺവെൻഷൻ സെന്ററും താമസ സൗകര്യവും സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ട ഡിസൈനും മറ്റു കാര്യങ്ങളും തീരുമാനിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2010-2011 സാമ്പത്തിക വർഷത്തിൽത്തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്.

(5) നടരാജന്റെ ദുരൂഹ മരണം

ശ്രീ. സി.പി. മുഹമ്മദ്: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ ഷോളയൂർ പഞ്ചായത്തിലെ വെള്ളംകുളം ആദിവാസി ഊരിൽ നടരാജൻ വെന്തുമരിച്ച സംഭവത്തെപ്പറ്റി ഉന്നതതല അന്വേഷണം

നടത്തുകയും കുടുംബത്തെ സഹായിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാലക്കാട് ഷോളയൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വെള്ളംകുളം ഊരിലെ നടരാജന്റെ വീടിന്റെ ഒരു ഭാഗത്ത് 2-7-2010-ന് വെളുപ്പിന് തീ പടർന്നതിനെത്തുടർന്ന് പൊള്ളലേറ്റ് നടരാജൻ മരണപ്പെടുകയും പരിസരത്തുള്ള നടരാജന്റെ മുത്തച്ഛൻ പാട്ടന്റെ വീട് പൂർണ്ണമായും പാട്ടന്റെ മകൻ പഴനിയുടെ വീട് ഭാഗികമായും കത്തി നശിക്കുകയും ചെയ്തു. നടരാജൻ മരണപ്പെട്ട സംഭവത്തെ സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അന്വേഷണത്തിൽ നടരാജനോടും മുത്തച്ഛനായ പാട്ടനോടും, പാട്ടന്റെ ചെറുമകളുടെ ഭർത്താവായ മരുതനും അയൽവാസിയായ പഴനിക്കും ഉള്ള വ്യക്തിവിരോധംകൊണ്ട് പാട്ടന്റെ കുടുംബത്തെ നശിപ്പിക്കുന്നതിനുവേണ്ടി മരുതനും പഴനിയും ചേർന്ന് നടരാജന്റെ വീടിന് തീവച്ച് കൊലപ്പെടുത്തിയതായും പാട്ടന്റേയും മകൻ പഴനിയുടേയും വീടുകൾക്ക് തീയിട്ട് നാശം വരുത്തിയതായും തെളിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്. രണ്ടാം പ്രതിയായ മരുതനെ 3-7-2010 ന് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയുണ്ടായി. 1-ാം പ്രതിയായ കുട്ടിയുടെ മകൻ പഴനിയെ അറസ്റ്റ് ചെയ്യുന്നതിനും ഈ കേസിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിനുമുള്ള ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തിവരികയാണ്. സംഭവസ്ഥലം സയന്റിഫിക് വിദഗ്ദ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. സംഭവസ്ഥലം പാലക്കാട് ജില്ലാകളക്ടർ,

ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥർ സന്ദർശിക്കുകയുണ്ടായി. വിശദമായ പരിശോധന നടത്തുന്നതിനുവേണ്ടി ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഇതിന്റെ മേൽനോട്ടം വഹിക്കാൻ നിർദ്ദേശം നൽകാം. മൂന്നു ലക്ഷം രൂപ ഇപ്പോൾ കുടുംബത്തിന് ആശ്വാസമായിട്ട് കൊടുത്തിട്ടുണ്ട്. ഭൂ മാഫിയയോ മറ്റേതെങ്കിലും ശക്തികളോ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്നുള്ള കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

(6) പത്തുകുടി സമുദായത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. വി. ചെന്താമരാക്ഷൻ : പാലക്കാട് ജില്ലയിലെ പത്തുകുടി സമുദായത്തിലെ വിവിധ വിഭാഗങ്ങളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താനും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്കിൽ അധിവസിക്കുന്ന പത്തുകുടി സമുദായക്കാർ തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് കുടിയേറിയവരാണ്. കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ മുഖേന നടത്തിയ പരിശോധനയിൽ ഈ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ട്. ഈ സമുദായത്തിന്റെ സാമൂഹിക-സാമുദായിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച് പിന്നോക്കവിഭാഗ കമ്മീഷന്റെ ഉപദേശം ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

(7) <u>വിദ്യാഭ്യാസ പദ്ധതി</u>

<u>ശ്രീ. കെ.പി. മോഹനൻ</u> : പെരിങ്ങളം നിയോജകമണ്ഡലത്തിലെ ജനകീയം-പെരിങ്ങളം സമഗ്ര വികസനപദ്ധതിയുടെ ഭാഗമായ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ സാമ്പത്തിക സഹായം നൽകാനും സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും ഇത് മാതൃകയാക്കാനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പെരിങ്ങളം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജനകീയം-പെരിങ്ങളം സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി കുട്ടികളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്-2005-ന് അനുസൃതമായി കേരളം പുറത്തിറക്കിയ വിദ്യാഭ്യാസത്തിനുള്ള നയരേഖയായ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ലെ പ്രധാന നിർദ്ദേശങ്ങൾക്ക് സമാനമായ നിർദ്ദേശങ്ങളാണ് ഈ പദ്ധതിയുടെ രൂപരേഖയിലുള്ളത്. ഈ പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ച കാര്യങ്ങളിൽ നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയത്തിനാവശ്യമായ പഠനസാമഗ്രികൾ എസ്.സി.ഇ.ആർ.ടി. ഇതിനകം തന്നെ വികസിപ്പിച്ചിട്ടുണ്ട്. വികേന്ദ്രീകൃതമായി ഓരോ പ്രദേശത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായ വിദ്യാഭ്യാസ കൂട്ടായ്മ വളർന്നു വരേണ്ടതാണ്.

(8) ഫിഷ്ലാന്റിംഗ് സെന്റർ

ശ്രീ. എ.എം. ആരിഫ്: അരൂർ മണ്ഡലത്തിലുൾപ്പെട്ട അന്ധകാരനഴിയിൽ പുലിമുട്ടോടുകൂടി ഒരു ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ബാംഗ്ലൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ആന്റ് ഫിഷറി നടത്തിയ പഠനത്തിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അന്ധകാരനഴി അനുയോജ്യമല്ലെന്നാണ് കണ്ടെത്തിയത്. എന്നാൽ അന്ധകാരനഴി ബീച്ച് ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രധാനഘടകങ്ങളായ ഓക്ഷൻ ഹാൾ, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം 2010 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. അന്ധകാരനഴിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ചെറിയ പുലിമുട്ടോടുകൂടിയ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) വർക്കലയിൽ സാംസ്ക്കാരിക നിലയം

ശ്രീ. വർക്കല കഹാർ : വർക്കല രാധാകൃഷ്ണന്റെ സ്മരണ നിലനിർത്തുന്നതിനായി വർക്കലയിൽ ലൈബ്രറി സൗകര്യത്തോടുകൂടിയ സാസ്ക്കാരിക നിലയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :വർക്കല

രാധാകൃഷ്ണന്റെ സ്മരണ നിലനിർത്തത്തക്ക നിലയിൽ വർക്കലയിൽ ലൈബ്രറിയുൾപ്പെടെയുള്ള സാംസ്ക്കാരിക നിലയം ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതാണ്.

(10) എൽ.എൻ.സി.പി. ഇ പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. കെ.സി. ജോസഫ് : ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഈ വർഷത്തെ എം.പി.ഇ (മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) അഡ്മിഷന് സെലക്ട് ചെയ്തവരുടെ ലിസ്റ്റ് ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ജൂലൈ 19-ാം തീയതി ഹാജരാകാത്തവരുടെ അഡ്മിഷൻ ക്യാൻസലാകുമെന്ന് മുന്നറിയിപ്പ് നൽകിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ടി.സി വാങ്ങി എത്തിയപ്പോൾ ലിസ്റ്റ് ക്യാൻസൽ ചെയ്തതായിട്ടാണ് അറിയാൻ കഴിഞ്ഞത്. മുപ്പതോളം വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : എൽ.എൻ.സി.പി. കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത ഒരു കോളേജാണ്. അഫിലിയേറ്റ് ചെയ്തുകഴിഞ്ഞാൽ യൂണിവേഴ്സിറ്റിയുടെ നിബന്ധനകളെല്ലാം പാലിക്കണം. നിബന്ധനകൾ പാലിക്കാൻ കോളേജിനെ സഹായിക്കുന്നതിനു പകരം തടസ്സങ്ങളുണ്ടാക്കിയതുകൊണ്ടാണ് പ്രശ്നങ്ങളുണ്ടായത്. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സെക്രട്ടറിയും വൈസ്ചാൻസിലറും ഉൾപ്പെടുന്ന മീറ്റിംഗിൽ ഈ കുട്ടികളുടെ ഭാവി സംരക്ഷിക്കുന്നതിനുവേ

ണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. അപാകത സംഭവിച്ചാൽ സർക്കാർ ഇടപെട്ട് പരിഹാരമുണ്ടാക്കും.

(11) ഓഫ് ക്യാമ്പസ് സെന്ററുകളുടെ ദൂരപരിധി

ശ്രീ. വി.ഡി. സതീശൻ : ദൂരപരിധി പാലിച്ചില്ലെന്ന കാരണത്താൽ 90 ശതമാനം പ്രവേശന നടപടികളും പൂർത്തിയാക്കിയ എം.ജി. സർവ്വകലാശാല യുടെ കീഴിൽ പ്രവർത്തിക്കുന്ന 9 ഓഫ് ക്യാമ്പസ് സെന്ററുകളിലെ വിദ്യാർത്ഥി പ്രവേശനം തടഞ്ഞുകൊണ്ട് ഇന്നലെ ഇറക്കിയ ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ കേരളത്തിനകത്ത് 70-ലധികം ഓഫ് ക്യാമ്പസ് സെന്ററുകളുള്ളതിൽ ചിലത് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജ് അങ്കണത്തിനുള്ളിൽ പ്രവർത്തിച്ചുവരികയാണ്. അഫിലിയേറ്റഡ് കോളേജിൽനിന്നും കുറഞ്ഞത് 5 കിലോമീറ്ററെങ്കിലും അകലെയായിരിക്കണം ഓഫ് ക്യാമ്പസ് സെന്ററുകൾ സ്ഥാപിക്കേണ്ടതെന്ന് നിബന്ധനയുണ്ട്. ഒരു വർഷത്തിനകം അപ്രകാരം മാറ്റിസ്ഥാപിക്കാത്ത സെന്ററുകൾ നിർത്തൽ ചെയ്യുമെന്ന് കഴിഞ്ഞ വർഷംതന്നെ സിൻഡിക്കേറ്റ് തീരുമാനിച്ച് അറിയിപ്പ് കൊടുത്തിരുന്നതാണ്. ഈ വർഷം സർവ്വകലാശാല ഇൻസ്പെക്ഷൻ ടീം നടത്തിയ പരിശോധനയിൽ കോളേജിനുള്ളിൽതന്നെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ 9 സെന്ററുകൾക്ക് അനുവാദം നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. സർവ്വകലാശാല നിബന്ധ

നകൾ പാലിച്ച് കോളേജുകളിൽനിന്ന് 5 കിലോമീറ്റർ ദൂരത്തേയ്ക്ക് സെന്ററുകൾ മാറ്റി സ്ഥാപിച്ചാൽ ഈ വർഷംതന്നെ അവർക്ക് ക്ളാസ്സുകൾ പുനരാരംഭിക്കാൻ കഴിയുമെന്ന് പറഞ്ഞതാണ്. ഇക്കാര്യം പരിശോധിച്ച് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രൂപത്തിൽ പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 116 മുതൽ 125 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(153,82,79,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
(181,81,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം
(39,16,80,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗ സംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ എൻ. ശക്തൻ, എ.പി. അബ്ദുള്ളക്കുട്ടി, ജി. കാർത്തികേയൻ, ജോർജ് മേഴ്സിയർ, ടി.എൻ. പ്രതാപൻ, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, കെ.പി. മോഹനൻ, ഡൊമിനിക് പ്രസന്റേഷൻ, കെ.ബാബു, കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, എം. മുരളി, വർക്കല കഹാർ, വി.കെ. ഇബ്രാഹിംകുഞ്ഞ്, സി.ടി. അഹമ്മദ് അലി, വി.ഡി. സതീശൻ, യു.സി. രാമൻ, ബി. ബാബു പ്രസാദ്, തേറമ്പിൽ രാമകൃഷ്ണൻ, പ്രൊഫ.എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. എം. മുരളി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ധന വിലവർദ്ധനവിന്റെ മറവിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധിപ്പിച്ച് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയ ഗവൺമെന്റാണിത്. വിലവർദ്ധനവ് നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികളെല്ലാം പരാജയമായിരിക്കുന്നു. ഇക്കഴിഞ്ഞ നാലാഴ്ചകൊണ്ട് നിത്യോപയോഗസാധനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഹോർട്ടികോർപ്പിലൂടെ വിതരണം ചെയ്യുന്ന നാടൻ പച്ചക്കറികൾക്ക് മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയാണ് ഈടാക്കുന്നത്. മുട്ട, ഇറച്ചി

എന്നിവയ്ക്കും വിലവർദ്ധനവുണ്ടായിട്ടുണ്ട്. മാവേലി/ലാഭം സ്റ്റോറുകളിലൂടെയും പീപ്പിൾസ് ബസാറിലൂടെയും സൂപ്പർമാർക്കറ്റുകളിലൂടെയും സാധനങ്ങൾ സബ്സിഡി റേറ്റിലും നോൺ സബ്സിഡി റേറ്റിലുമായാണ് വിൽപ്പന നടത്തുന്നത്. സിവിൽസപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾക്ക് നോൺ സബ്സിഡി റേറ്റ് ഈടാക്കുന്ന സമീപനം ശരിയല്ല. പൊതുകമ്പോളത്തിലെ ഹോൾസെയിൽ റേറ്റിനേക്കാൾ കൂടിയ വിലയാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഈടാക്കുന്നത്. പൊതുവിപണിയിൽ ഇടപെട്ട് വിലവർദ്ധനവ് തടയാൻ സർക്കാരിന് കഴിയുന്നില്ല. സഹകരണ ഓണച്ചന്തകളേക്കാൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഉത്സവചന്തകളിൽ നിത്യോപയോഗ സാധനങ്ങൾക്ക് കൂടിയ വില ഈടാക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. അണുബാധയുണ്ടായ പലവ്യഞ്ജന പാക്കറ്റുകൾ പിൻവലിക്കണം. വില കുറഞ്ഞ അരി തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്ത് ഇവിടെ വിൽപ്പന നടത്തുന്നത് തടയണം. കുട്ടനാട്-അപ്പർകുട്ടനാട് പ്രദേശത്തെ നെല്ലുസംഭരണത്തിന് പാട്ടകൃഷിക്കാരിൽ നിന്ന് അഫിഡവിറ്റ് വാങ്ങുന്ന വ്യവസ്ഥ പിൻവലിക്കണം. പല ബ്രാന്റുകളിലായി മാരകമായ പാൽ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കണം. വ്യാജമരുന്ന് വാങ്ങിക്കാൻ മൃഗാശുപത്രികൾക്ക് അനുവാദം നൽകിയതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.കെ. സദാശിവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിതരണ രംഗം കാര്യക്ഷമമാക്കാൻ സാധിച്ചു. മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും ക്രിയാത്മകമായ പദ്ധതികൾ നടപ്പാക്കി. പാലുൽപ്പാദനം വർദ്ധിപ്പിച്ചു. സുതാര്യവും മികവുറ്റതുമായ പ്രവർത്തനം

കൊണ്ട് വകുപ്പിനെ അഴിമതിവിമുക്തമാക്കി. അരിയും പലവ്യഞ്ജനവും വാങ്ങുന്നതിലും നെല്ല് സംഭരിക്കുന്നതിലും റേഷൻഡിപ്പോ അനുവദിക്കുന്നതിലുമെല്ലാം സുതാര്യമായ നടപടികൾ സ്വീകരിച്ചു. സിവിൽസപ്ലൈസ് കോർപ്പറേഷൻ, സപ്ലൈകോ, കൺസ്യൂമർ ഫെഡ്, സഹകരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചുനിറുത്തി. കേന്ദ്രം റേഷൻവിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്ത് സംസ്ഥാനത്ത് വിതരണം ചെയ്തു. റേഷൻ കടകളുടെ പ്രവർത്തനം കുറ്റമറ്റതാക്കി. റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കണം. നൂറ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ജീവൻരക്ഷാമരുന്നുകൾ മാവേലി മെഡിക്കൽ സ്റ്റോറുകളും മരുന്ന് മൊത്ത വ്യാപാരകേന്ദ്രങ്ങളും മുഖേന വിതരണം ചെയ്ത് വിലക്കയറ്റം തടഞ്ഞു. 36 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുകയും സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു. എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് കുറഞ്ഞവിലയ്ക്ക് അരി നൽകാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്. വിലക്കയറ്റം തടയാൻ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് അഞ്ചുവർഷം കൊണ്ട് എട്ടുപ്രാവശ്യം വില വർദ്ധിപ്പിച്ചു. അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണ വില കുറയുമ്പോഴും ബഹുരാഷ്ട്ര കുത്തകക്കമ്പനിക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ നികുതി ചുമത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് 400 കോടി രൂപയുടെ ഭക്ഷ്യസബ്സിഡി വെട്ടിക്കുറച്ചു. വിലക്കയറ്റത്തിനും ഓഹരി വിൽപ്പനയ്ക്കുമെതിരായി ട്രേഡ് യൂണിയൻ സംഘടനകൾ 2010 സെപ്റ്റംബർ 7-ന് ദേശീയ പണിമുടക്ക് നടത്താൻ പോകുകയാണ്. രാജ്യം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളിയായ മതതീവ്രവാദം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2001-06 കാലഘട്ടത്തിൽ വിലക്കയറ്റമുണ്ടായപ്പോൾ കമ്പോളങ്ങളിലിടപെടുകയും വില നിയന്ത്രിക്കുകയും സബ്സിഡി ഏർപ്പെടുത്തുകയും ചെയ്ത് വിലനില വാരം പിടിച്ചുനിറുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളാണ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലിന്റെ വില അഞ്ച് പ്രാവശ്യം വർദ്ധിപ്പിച്ചു. ക്ഷീരകർഷകരെ മറയാക്കി പാൽവില വർദ്ധിപ്പിച്ചത് ഗവൺമെന്റിന്റെ കഴിവുകേട് മറയ്ക്കാനാണ്. ക്ഷീരകർഷ കർക്കോ, പാൽ വിതരണം ചെയ്യുന്നവർക്കോ ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ദേശീയതലത്തിൽ പാലുൽപ്പാദനം കൂടുമ്പോൾ കേരളത്തിൽ പാലുൽപ്പാദനം കുറയുന്നതിന്റെ കാരണം പരിശോധിക്കണം. ഉൽപ്പാദനമേഖലയിൽ കർഷകർക്കുണ്ടാകുന്ന അമിതഭാരം ലഘൂകരിക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകണം. അന്യസംസ്ഥാന പാൽ ലോബികൾക്ക് കേരളത്തിൽ അവസരം നൽകുന്ന വിലവർദ്ധനവ് പുന:പരിശോധിക്കണം. ക്ഷീരകർഷകർക്കുവേണ്ടി ആവിഷ്ക്ക രിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം വിദർഭ പാക്കേജും

മിൽക്ക്ഷെഡ് പദ്ധതിയും എത്രത്തോളം ഗുണപ്രദമായിട്ടുണ്ടെന്നുള്ളത് പരിശോധിക്കണം. ക്ഷീരമേഖലയ്ക്ക് ഗുണം ചെയ്യുന്ന രീതിയിൽ പദ്ധതിത്തുക ഉപയോഗിക്കണം. ക്ഷീരസഹകരണ സംഘങ്ങൾക്ക് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കാനാവശ്യമായ ധനസഹായം നൽകണം. ഇടുക്കി ജില്ലയിലെ ക്ഷീരകർഷകരുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക-കാർഷിക വളർച്ചയ്ക്ക് മുതൽക്കൂട്ടാകേണ്ട ക്ഷീരമേഖലയോടുള്ള അവഗണന അവസാനിപ്പിക്കണം. കാർഷികമേഖലയിലേയ്ക്ക് യുവസംരംഭകരെ ആകർഷിക്കാനുള്ള നടപടികളുണ്ടാകണം. കന്നുകാലി പരിപാലനത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ സൗകര്യങ്ങളുപയോഗിക്കുന്നതിനുള്ള സഹായം ചെയ്തു കൊടുക്കണം. വ്യാവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. മിൽമയെ കർഷകസൗഹാർദ്ദ പ്രസ്ഥാനമായി മാറ്റണം. ലാഭകരമായി പ്രവർത്തിക്കുന്ന സ്വകാര്യ ഡയറി ഫാമുകളുമായി സഹകരിച്ച് അവരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ മിൽമ നടപടി സ്വീകരിക്കണം. ക്ഷീരമേഖലയുടെ സമഗ്രപുരോഗതിക്കായി തയ്യാറാക്കിയ ആർ.ഹേലി/സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കണം. കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷീരമേഖലയ്ക്ക് കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കണം. കന്നുകാലി വികസന മേഖലയുടെ പുരോഗതിക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണം. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയണം. സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി നിരക്കിൽ

വിൽക്കുന്ന നിത്യോപയോഗസാധനങ്ങൾ റേഷൻകാർഡ് വഴി പരിമിതപ്പെടുത്തുകയും നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയും ചെയ്യുന്ന സപ്ലൈകോയുടെ പ്രവർത്തനം വിലയിരുത്താൻ തയ്യാറാകണം. ദേശീയ പോഷകാഹാര പരിപാടിയുടെ ഭാഗമായി 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകാൻ സൗജന്യമായി കേന്ദ്ര ഗവൺമെന്റ് നൽകിയ അരി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റാളുകളിലൂടെ വിറ്റഴിക്കുക മാത്രമല്ല, കടത്തുകൂലി ഇനത്തിൽ അധികതുക വാങ്ങി സർക്കാരിനെ വഞ്ചിക്കുകയുമാണുണ്ടായത്.

ശ്രീ. എൻ. അനിരുദ്ധൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സിവിൽസപ്ലൈസ് വകുപ്പ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ 25 കിലോഗ്രം വീതം അരി നൽകുന്നതിനായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയാൽ അരി വിതരണം നടക്കില്ലെന്ന് മാത്രമല്ല അരിയുടെ വില ഇനിയും വർദ്ധിക്കും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി അരിവിതരണം പരിമിതപ്പെടുത്തണമെന്ന് പറയുന്നത് കേരളത്തിന് അനുയോജ്യമായിരിക്കുകയില്ല. വിശേഷാവസരങ്ങളിൽ പ്രത്യേക ഔട്ട്ലെറ്റുകളുണ്ടാക്കി വിലക്കയറ്റം നിയന്ത്രിച്ച് നിർത്താൻ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഓണക്കാലത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 20 ലക്ഷം പേർക്ക് 17 കോടി രൂപ ചെലവ് വരുന്ന ഓണക്കിറ്റുകൾ നൽകിയും മൂവായിരം ഔട്ട്ലെറ്റുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്തും വൻകിട

കുത്തകകളുമായി മത്സരിച്ച് വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞു. സപ്ലൈകോയുടെ വിറ്റുവരവ് വർദ്ധിക്കുകയും 100 കോടി രൂപ ലാഭവിഹിതമായി ഖജനാവിലേയ്ക്ക് നൽകുകയും ചെയ്തത് പ്രശംസനീയമാണ്. മൂന്ന് വർഷമായി സപ്ലൈകോയിൽ വിലവർദ്ധനവ് ഉണ്ടായിട്ടില്ല. റേഷൻവിതരണം കാര്യക്ഷമമാക്കുന്നതിനും റേഷൻകടകൾ പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കിലോയ്ക്ക് 12 രൂപ വില നൽകിയാണ് കർഷകരിൽ നിന്ന് നെല്ല് സംഭരിച്ചത്. ക്ഷീരോൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ആർ.ഹേലി കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിഗണിക്കണം. ക്ഷീരകർഷകർക്ക് ക്ഷേമനിധി ആനുകൂല്യം ഏർപ്പെടുത്തുകയും 750 കുടുംബങ്ങൾക്ക് കുടുംബപെൻഷൻ നൽകുകയും ചെയ്യുന്നുണ്ട്. ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി. മൃഗങ്ങളേയും പക്ഷികളേയും വളർത്തുന്നതിൽ അവബോധമുണ്ടാക്കാൻ ഹൈസ്ക്കൂൾ ക്ലാസ്സുകളിലുൾപ്പെടെ ജന്തു ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനും അവർക്ക് സൗജന്യമായി വളർത്തുമൃഗങ്ങളേയും പക്ഷികളേയും നൽകുന്നതിനും നടപടി സ്വീകരിച്ചു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ വഴിയുള്ള ഇറച്ചി വിൽപ്പന ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ കോഴിവളർത്തൽ പ്രോൽസാഹിപ്പിച്ച് മുട്ട ഉൽപാദനം വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൗൾട്രി വികസനകോർപ്പറേഷൻ വഴി മുട്ട ഉൽപാദനം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിനാവശ്യമുള്ള മുട്ട ഉൽപാദനത്തിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കാനാവശ്യമായ നടപടി

സ്വീകരിക്കണം. നഷ്ടത്തിലായിരുന്ന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ലാഭത്തിലാക്കാൻ സാധിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേന്ദ്രസർക്കാർ സ്വീകരിച്ച ഗുണകരമായ നിലപാടിന്റെ ഫലമായി സംസ്ഥാനത്തിന് കഴിഞ്ഞ വർഷം 1513 കോടി രൂപയുടെ ഭക്ഷ്യ സബ്സിഡി ലഭ്യമായിട്ടുണ്ട്. ഭക്ഷ്യസുരക്ഷ നടപ്പാക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ മാത്രമല്ല സംസ്ഥാന സർക്കാരിന്റെയുംകൂടി ഉത്തരവാദിത്വമാണ്. ഭക്ഷ്യസുരക്ഷാ പദ്ധതി 2000 ബ്ളോക്കുകളിൽ നടപ്പിലാക്കാൻ ദേശീയ ഉപദേശക സമിതി തീരുമാനിച്ചിരിക്കുന്നതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട പങ്ക് ലഭ്യമാക്കുന്നതിന് കേന്ദ്ര മന്ത്രിമാരുടെയും എം.പി.മാരുടേയും സഹായം ഉറപ്പുവരുത്തുകയും ലെയ്സൺ വർക്ക് നടത്തുകയും ചെയ്യണം. കേന്ദ്രസർക്കാർ അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും സമയാസമയങ്ങളിൽ എടുക്കുന്നതിൽ വീഴ്ച വരുത്തുന്നതുകൊണ്ടാണ് കേന്ദ്ര അലോട്ടുമെന്റ് കുറയുന്നത്. ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ 240 കോടി രൂപ ചെലവഴിച്ചിട്ടില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. 1806 കോടി രൂപയുടെ ഇടുക്കി പദ്ധതിക്കുവേണ്ട ഡി.പി.ആർ. സമർപ്പിക്കാൻ തയ്യാറാകണം. റേഷൻകാർഡ് ലഭ്യമാക്കുന്നതിനും അർഹരായവർക്ക് ബി.പി.എൽ. റേഷൻകാർഡ് നൽകാനും നടപടി സ്വീകരിക്കണം. കേന്ദ്ര മാനദണ്ഡങ്ങളിലെ അപാകതകൾ പരിഹരിച്ച് ബി.പി.എൽ. വിഭാഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷം ജനോപകാരപ്രദമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേന്ദ്ര ഗവൺമെന്റ് പിന്തുടർന്ന് വരുന്ന നയസമീപനങ്ങളുടെ ഫലമായിട്ടാണ് വിലക്കയറ്റം ഉണ്ടാകുന്നത്. കുത്തകക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ വില വർദ്ധിപ്പിച്ചത്. മാവേലിസ്റ്റോറുകൾ, സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവയിലൂടെ പൊതുകമ്പോളത്തിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കാനും റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിച്ചു. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ 50 ലക്ഷത്തോളം ജനങ്ങൾ റേഷൻകടകളെ ആശ്രയിക്കുന്ന സ്ഥിതി സംജാതമാക്കി. 38 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പൊതുവിതരണ രംഗത്തെ അഴിമതി പൂർണ്ണമായി ഇല്ലാതാക്കി. മൃഗസംരക്ഷണ രംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിച്ചു. പാൽവില വർദ്ധിപ്പിച്ചതിന്റെ ഗുണം ക്ഷീരകർഷകർക്ക് ലഭ്യമാകാനുള്ള സാഹചര്യം സൃഷ്ടിച്ചു. പ്രതിമാസം 50000 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കാനുള്ള ഹൈടെക് ഡയറി സംവിധാനം കേരളത്തിൽ നടപ്പിലാക്കാനുള്ള പരിശ്രമം അഭിനന്ദനാർഹമാണ്. വലിയതുറയിൽ ഹൈടെക് ഡയറി നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വലിയതുറയിലുള്ള ഗോഡൗൺ നിർമ്മാണം അടിയന്തിരമായി

പൂർത്തിയാക്കാനും കയറ്റിറക്ക് തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. ചന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മലബാർ മേഖലയിൽ 178 ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാനും 22000 പ്ലസ് വൺ സീറ്റുകൾ അധികമായി സൃഷ്ടിക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. 20 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്ക് 71.55 രൂപ വില വരുന്ന സൗജന്യ ഓണക്കിറ്റ് നൽകുന്നതിനായി 15 കോടി രൂപ സർക്കാർ നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ കഴിഞ്ഞ നാലുവർഷംകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും വിലക്കയറ്റം തടഞ്ഞു നിർത്താനും ശക്തമായ ഇടപെടൽ നടത്തി. കാർഷിക ഉല്പാദനവും പാൽ, ഇറച്ചി, മുട്ട തുടങ്ങിയ ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ അരിവിഹിതം വെട്ടിക്കുറച്ച് കേരളത്തിലെ ജനങ്ങളെ ദ്രോഹിക്കുന്ന കേന്ദ്രനിലപാട് അപലപനീയമാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി പെട്രോളിയം ഉല്പന്നങ്ങളുടെ വില കൂടുകയും അതുവഴി വിലക്കയറ്റം രൂക്ഷമാവുകയും ചെയ്തിരിക്കുകയാണ്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിലിന്റെ വിലയിൽ കാര്യമായ വർദ്ധനവുണ്ടാകാതിരുന്നിട്ടും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ ക്രമാതീതമായ വർദ്ധനവ് വരുത്തുകയും നികുതിനിരക്ക് ഉയർത്തുകയും ചെയ്തിരിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. കെ. പി. മോഹനൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രി

ക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊതുവിതരണ മേഖലയ്ക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വാർഷിക സബ്സിഡി ഉദ്യോഗസ്ഥരും റേഷൻകടക്കാരും ഇടനിലക്കാരുമടങ്ങുന്ന ഗൂഢസംഘങ്ങൾ തട്ടിയെടുക്കുന്നത് തടയാൻ അടിയന്തിര നടപടി ആവശ്യമാണെന്ന സുപ്രീം കോടതി നിയോഗിച്ച വിജിലൻസ് കമ്മിറ്റിയുടെ നിർദ്ദേശം ഗൗരവമായി കാണാനും കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന റേഷൻ സബ്സിഡി ഉപയോഗപ്പെടുത്താനും സാധിക്കണം. റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം ശരിയായ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാനും കൃത്യസമയത്ത് തുറന്ന് പ്രവർത്തിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽപ്പന നടത്തുന്നത് തടയാനും ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർക്ക് അർഹമായ റേഷൻവിഹിതം ലഭ്യമാക്കാനും നടപടിയുണ്ടാകണം. പൊതുവിതരണ ശൃംഖലവഴിയും മാവേലി സ്റ്റോറുകളിലൂടെയും ലഭ്യമാകുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. പാനൂർ, ചൊക്ലി, തലശ്ശേരി, കൂത്തുപറമ്പ് തുടങ്ങിയ ഉപജില്ലകളിലെ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അരിയും ചെറുപയറും ലഭ്യമാക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയില്ല. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ എന്ന പദ്ധതിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ലാഭം മാർക്കറ്റുകൾ എല്ലാ മണ്ഡലങ്ങളിലും തുടങ്ങാനുള്ള നടപടിയുണ്ടാകണം. ക്ഷീരകർഷകരുടെ പ്രതിസന്ധി മാറ്റാനായി പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് മുന്തിയ ഇനം പശുക്കളെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കാലിത്തീറ്റയുടെ വിലവർദ്ധ

നവ് കണക്കിലെടുത്ത് കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പി ക്കുകയും എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിഭാഗ ങ്ങൾക്കും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വെറ്ററിനറി സർജന്മാരുടെ ട്രാൻസ്ഫറുകൾ എത്രയുംവേഗം നടപ്പിലാക്കി ഒഴിവുള്ള സ്ഥലങ്ങളിൽ അവരെ നിയമിക്കണം. പെരിങ്ങളം നിയോജകമണ്ഡലത്തിൽ റേഷൻ കാർഡിന് അപേക്ഷ നൽകിയ മൂവായിരത്തോളം പേർക്കും കാർഡ് ലഭിക്കാൻ നടപടി സ്വീകരിക്കണം. ഓണം-റംസാൻ ഉൽസവങ്ങോളടനുബ ന്ധിച്ച് കിറ്റുകൾ നൽകുമെന്ന പ്രഖ്യാപനത്തെ അഭിനന്ദിക്കുന്നതോടൊപ്പം യഥാസമയം എല്ലാപേർക്കും ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പി.ടി.എ റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യം നേരിടുന്ന ഗുരുതരമായ രണ്ട് പ്രശ്നങ്ങളാണ് വിലക്കയറ്റവും തീവ്രവാദവും. ഇതിനുപുറമേ പെട്രോളിയം ഉല്പന്നങ്ങളുടെ വില യഥേഷ്ടം വർദ്ധിപ്പി ക്കുന്നതിന് പെട്രോളിയം കുത്തക കമ്പനികൾക്ക് അനുവാദം നൽകിയതി ലൂടെ അവയുടെ വില നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം കമ്പനികൾക്ക് നൽകിയിരിക്കുകയാണ്. കൊടുവള്ളി നിയോജകമണ്ഡലത്തിൽ രണ്ട് മാവേലി സ്റ്റോറുകൾ പുതിയതായി അനുവദിക്കുകയും രണ്ട് മാവേലി സ്റ്റോറുകൾ അപ്ഗ്രേഡ് ചെയ്യുകയും പാവപ്പെട്ട സ്ത്രീകൾക്ക് കോഴികളെ വിതരണം ചെയ്യുകയും ചെയ്തു. കേരള ഫീഡ്സിന്റെ മലബാറിലെ ആദ്യത്തെ മിനറൽ മിക്സർ പ്ലാന്റും ഗോഡൗണും ആദവനാട് എന്ന സ്ഥലത്ത് കേരളപ്പിറവി ദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. സമസ്തമേഖലകളിലേയും വിലക്കയറ്റം പിടിച്ചുനിറുത്താനുള്ള ശ്രമങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. 1.30 കോടി രൂപ

ചെലവിൽ ഒരു  ഹൈപ്പർ മാർക്കറ്റ് തിരുവനന്തപുരത്തും 2.2 കോടി രൂപ ചെലവിൽ ആറ് നിലകളുള്ള ഹൈപ്പർ മാർക്കറ്റ് കോട്ടയം ജില്ലയിലും ഈ വർഷം പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. തലശ്ശേരിയിൽ 71.8 ലക്ഷം രൂപ ചെലവിൽ നിർമ്മാണം പൂർത്തിയായി വരുന്ന ഹൈപ്പർമാർക്കറ്റ് ഈ വർഷം പൂർത്തിയാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. തിരുവനന്തപുരത്തെ പഴവങ്ങാടിയിലുള്ള  സൂപ്പർമാർക്കറ്റ് നവീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്താനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കോഴിക്കോട് വെള്ളയൂർ ഒന്നേമുക്കാൽ കോടി രൂപ മതിപ്പുചെലവിൽ സപ്ളൈകോ ടവർ ബിൽഡിംഗിന്റെ പണി ഈ വർഷം പൂർത്തിയാകുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ അതിജീവിച്ച് മുന്നോട്ടുപോകാനുള്ള വമ്പിച്ച ശ്രമമാണ് സിവിൽസപ്ലൈസ് വകുപ്പിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുള്ളത്. സംസ്ഥാന സർക്കാർ പാലിന്റെ വില വർദ്ധിപ്പിച്ചുവെങ്കിലും അതിന്റെ ഗുണഫലം പാവപ്പെട്ട ക്ഷീരകർഷകർക്കാണ് ലഭിക്കുന്നത്. സർക്കാരിന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന സാധനങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് സബ്സിഡൈസ് ചെയ്ത് വിതരണം നടത്തി വിപണിയിലിടപെടുന്നതുകൊണ്ടാണ് മാർക്കറ്റിൽ വിലനിലവാരം പിടിച്ചുനിറുത്താൻ സാധിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സപ്ളൈകോയിൽ നിന്നും നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നത്.  മലബാർ മേഖലയിൽ  178 പ്ലസ് വൺ സ്കൂളുകൾ അനുവദിച്ചതിനേയും  മലപ്പുറം ജില്ലയിലെ 19 പഞ്ചായത്തുകളിലും  പുതുതായി പ്ലസ് വൺ സ്കൂളുകൾ അനുവദിച്ചതിനേയും സ്വാഗതം ചെയ്യുന്നു. മലബാർ

മേഖലയിൽ വിദ്യാഭ്യാസപരമായി വളരെയധികം മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയംമൂലമുണ്ടാകുന്ന വിലക്കയറ്റത്തിനെതിരെ ഇൻഡ്യാ രാജ്യത്ത് ബഹുജനപ്രക്ഷോഭം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബദൽനയം ആവിഷ്ക്കരിച്ച് വിലക്കയറ്റം പിടിച്ചുനിർത്താനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചു. ആറര ലക്ഷത്തോളം എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കിലോയ്ക്ക് 13 രൂപ നിരക്കിലും 26 ലക്ഷത്തോളം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിലും അരി വിതരണം ചെയ്യാൻ സാധിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ 228 കോടി രൂപ ചെലവഴിച്ചു. 36 ലക്ഷം പേർക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കു കയാണ്. പുത്തൻ ആഗോളവൽക്കരണത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ മൂലധനം നിക്ഷേപിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. ഈ സാമ്പത്തിക വർഷം ഇൻഡ്യയിൽ ഭക്ഷ്യോൽപ്പാദനത്തിൽ ഗണ്യമായ കുറവു ണ്ടായിട്ടും ഭക്ഷ്യധാന്യങ്ങൾ ഉപയോഗിച്ച് മദ്യം ഉണ്ടാക്കാനുള്ള ലൈസൻസ് മഹാരാഷ്ട്രയിലെ വൻകിട കുത്തകകമ്പനികൾക്ക് കേന്ദ്രസർക്കാർ നൽകിയിരിക്കുകയാണ്. സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, പീപ്പിൾസ് ബസാർ, മെഡിക്കൽ മാവേലി സ്റ്റോറുകൾ എന്നിവയിലൂടെ കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഏഴര ലക്ഷം കുടുംബ ങ്ങൾക്ക് ലാമിനേറ്റഡ് റേഷൻകാർഡ് നൽകുന്നതിനും റേഷൻഷോപ്പുകൾ നവീകരിക്കുന്നതിനും സാധിച്ചു. ക്ഷീരവികസന മേഖല ശക്തിപ്പെടുത്താനും

കാലിസമ്പത്ത് വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. കന്നുകാലികൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയത് ശ്രദ്ധേയമാണ്.

ശ്രീ. ബി. ബാബു പ്രസാദ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന ക്ഷീരമേഖലയ്ക്ക് യാതൊരു സഹായവും ലഭിച്ചിട്ടില്ല. വൈക്കോൽ, കാലിത്തീറ്റ എന്നിവയുടെ ദൗർലഭ്യവും വിലവർദ്ധനവും കാരണം പാലുല്പാദന ചെലവിലുണ്ടായ വർദ്ധനവിന് പരിഹാരം കാണാൻ കാലിത്തീറ്റയ്ക്ക് വില കുറയ്ക്കുകയോ സബ്സിഡി കൊടുക്കുകയോ ചെയ്യുന്നതിനുപകരം പാൽ വില വർദ്ധിപ്പിച്ചത് പ്രതിഷേധാർഹമാണ്. ക്ഷീര കർഷകർക്ക് സബ്സിഡി റേറ്റിൽ കാലിത്തീറ്റ വിതരണം ചെയ്യണം. ക്ഷീരോല്പാദകരുടെ എണ്ണത്തിൽ കുറവ് വരികയും പാലിന്റെ ആവശ്യകത വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പാലുല്പാദനം ലാഭകരമാക്കു ന്നതിന് നടപടി സ്വീകരിക്കണം. കർഷകർക്ക് കൂടിയ വില നൽകാനെന്ന വ്യാജേന പാലിന് വിലകൂട്ടിയ നടപടി നീതീകരിക്കാനാകില്ല. ക്ഷീര കർഷ കർക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ വെറ്ററിനറി ഡോക്ടർമാർ വീടുകളിൽപോയി ചികിത്സിക്കുന്നത് നിർത്തലാക്കണം. ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത് റേഷൻകാർഡ് വിതരണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.എൻ.ഡി.പി.യുടെ കണക്കുപ്രകാരം ഇന്ത്യയിലെ മികച്ച ക്ഷേമസംസ്ഥാനം കേരളമാണെന്നത് അഭിമാനാർഹമാണ്. ഗ്രാമംനിറയെ കോഴികൾ,

വീട്ടമ്മയുടെ അരുമക്കോഴി, പശുഗ്രാമം, മിൽക്ക് ഷെഡ് തുടങ്ങിയ പദ്ധതികളിലൂടെ പാലിന്റേയും മുട്ടയുടേയും ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. റേഷൻവിഹിതം പുന:സ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ ഫലമായുണ്ടായ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സിവിൽസപ്ലൈസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. കൂടുതൽ മാവേലി സ്റ്റോറുകൾ അനുവദിക്കണം. റേഷൻ കാർഡിലെ തെറ്റുതിരുത്തൽ നടപടികൾ ത്വരിതപ്പെടുത്തണം. മലയോര പ്രദേശങ്ങളിൽ മൊബൈൽ മാവേലിസ്റ്റോറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സബ്സിഡി നിരക്കിലെ സാധനങ്ങൾ വിലകൂട്ടി വിറ്റിട്ടാണ് മാവേലി സ്റ്റോറുകളുടെ വിറ്റുവരവ് വർദ്ധിച്ചുവെന്നു പറയുന്നത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ കൂടുതൽ വിൽപ്പനകേന്ദ്രങ്ങൾ ആരംഭിക്കണം. റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കണം. നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ റേഷൻഷാപ്പ് അനുവദിച്ചതു സംബന്ധിച്ച് അന്വേഷിക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യവ്യാപകമായ വിലക്കയറ്റം പിടിച്ചുനിറുത്താൻ കേന്ദ്രം ഫലപ്രദമായി ഇടപെടണം. പൊതുവിപണിയിൽ 3975 വിൽപ്പന കേന്ദ്രങ്ങൾ തുറക്കുകയും

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് വിലക്കയറ്റം നിയന്ത്രിച്ചു. യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വൻ അഴിമതിയാണ് സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നടന്നിട്ടുള്ളത്. ഒന്നേകാൽ കോടി ഉപഭോക്താക്കളുള്ള സിവിൽസപ്ലൈസ് കോർപ്പറേഷന് 2000 കോടി രൂപയിലധികം വിറ്റുവരവാണുണ്ടായിരിക്കുന്നത്. സംസ്ഥാനത്ത് പാലിന്റേയും മുട്ടയുടേയും ഉൽപ്പാദനം വർദ്ധിപ്പിച്ചു. ഉപഭോക്തൃ സംസ്ഥാന മായ കേരളത്തിൽ വിലക്കയറ്റമുണ്ടായപ്പോൾ അതിനെതിരെ ശക്തമായ ഇടപെടലുകൾ സിവിൽസപ്ലൈസ് കോർപ്പറേഷൻവഴി സ്വീകരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പ്രധാനപ്പെട്ട പതിമൂന്നിനം സാധനങ്ങൾക്ക് പന്ത്രണ്ട് വർഷമായി വില വർദ്ധിപ്പിച്ചിട്ടില്ല. യു.പി.എ. ഗവൺമെന്റ് അഞ്ച് പ്രാവശ്യം പെട്രോൾ വില വർദ്ധിപ്പിച്ചു. വളം സബ്സിഡിയും വിലനിർണ്ണയാധികാരവും പിൻവലിച്ചുകൊണ്ട് ബഹുരാഷ്ട്ര കുത്തകക്കമ്പനികളേയും കോർപ്പറേറ്റുകളേയും സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കൺസ്യൂമർ സംസ്ഥാ നമായ കേരളത്തോട് ഫെഡറൽ റിപ്പബ്ലിക് ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്യാതെ വാഗ്ദാനങ്ങളും ഉപദേശങ്ങളും മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും ഗവേഷണം നടത്താനും വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാനുള്ള തീരുമാനമെടുത്തു. ക്ഷീരകർഷകർക്കുള്ള ആനുകൂല്യ ങ്ങൾ വർദ്ധിപ്പിക്കണം. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കണം. എല്ലാ വീട്ടിലും ഒരു വളർത്തുമൃഗത്തെ സംരക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാ കണം.

ശ്രീ. സി. കെ. പി. പത്മനാഭൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെൽവയലിന്റേയും കൃഷിഭൂമിയുടേയും വിസ്തൃതി കുറയുന്നതും ഉള്ള ഭൂമി തന്നെ നാണ്യവിളകളിലേയ്ക്ക് കേന്ദ്രീകരിക്കുന്നതും നാണ്യവിളകൾക്ക് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട് വില കിട്ടാത്തതും ഭക്ഷ്യസുരക്ഷി തത്വത്തിന് പ്രതിസന്ധിയുണ്ടാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനത്തിന്റെ ഫലമായി ഭക്ഷ്യോൽപ്പാദനം കുറഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് പ്രതിസന്ധികൾക്കിടയിലാണ് ഭക്ഷ്യസുരക്ഷി തത്വം ഉറപ്പാക്കിയത്. വിലക്കയറ്റത്തിൽനിന്നും പട്ടിണിമരണത്തിൽനിന്നും കേരളത്തെ മോചിപ്പിച്ചു. പരമ്പരാഗത മേഖലയിൽപ്പെട്ട 35 ലക്ഷം കുടുംബ ങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുത്തത് സാധാരണ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷിതത്വം കേരളത്തിൽ ഉറപ്പാക്കിയതിന് തെളിവാണ്. അർഹതപ്പെട്ട റേഷൻവിഹിതം ലഭിക്കാതെ ജനങ്ങൾ പൊതുകമ്പോളത്തെ ആശ്രയിക്കു മ്പോൾ സാധനങ്ങൾക്ക് വിലകയറ്റി കൊള്ളയടിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. പെട്രോൾ വില വർദ്ധിപ്പിച്ചും റേഷൻവിഹിതം വെട്ടിക്കുറച്ചും അവധി വ്യാപാരം പിൻവലിച്ചും പഞ്ചസാര ലോബിക്കുവേണ്ടി കയറ്റുമതി ചെയ്ത് വില വർദ്ധിപ്പിച്ചും ഭക്ഷ്യസുരക്ഷ ലഭിക്കേണ്ട ബി. പി. എൽ.-കാരെ വെട്ടിക്കുറച്ചും യു.പി.എ. ഗവൺമെന്റ് വിലക്കയറ്റം രൂക്ഷമാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷിതത്വം ലഭിക്കേണ്ട ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം കുറഞ്ഞതായുള്ള കേന്ദ്ര ഗവൺമെന്റിന്റെ കണക്ക് ശരിയല്ല. ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കൂടുതൽ സബ്സിഡിത്തുക നീക്കിവ യ്ക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടത്. മുതലാളിമാർക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കും കേന്ദ്രം നികുതി ഇളവ് നൽകുന്നത്

അവസാനിപ്പിച്ച് പാവപ്പെട്ട ജനങ്ങളെ സഹായിക്കാനുള്ള നയം സ്വീകരിച്ചാലേ ഭക്ഷ്യസുരക്ഷിതത്വം ഇൻഡ്യയിലുണ്ടാക്കാൻ കഴിയൂ. ഇൻഡ്യയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ് വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എണ്ണക്കമ്പനികൾ നഷ്ടത്തിലാണെന്നും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് അനിവാര്യമാണെന്നും കേന്ദ്ര ഗവൺമെന്റ് പറയുന്നത് ശരിയല്ല. അടിസ്ഥാനരഹിതമായ പ്രചാരവേലകൾ നടത്തിക്കൊണ്ട് ഭക്ഷ്യസുരക്ഷിതത്വം തകർക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്രം വില വർദ്ധനവിനിടയാക്കുന്ന സാഹചര്യം സൃഷ്ടിക്കുമ്പോൾ സംസ്ഥാനം വിലക്കയറ്റം പിടിച്ചുനിറുത്തി ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ പതിനെട്ട് വർഷമായി നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കാത്ത ഒരു സംസ്ഥാനമാണ് കേരളമെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. കാർഷിക പ്രതിസന്ധി മൂർച്ഛിക്കുമ്പോൾ കേരളം കമ്പോളത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയാണ് ചെയ്യുന്നത്. മുമ്പെങ്ങുമില്ലാത്തവണ്ണം രാജ്യത്തിന്റെ കാർഷിക വളർച്ച 2010-ൽ കുറഞ്ഞതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. രാജ്യം സാമ്പത്തിക വളർച്ച നേടിയെന്ന് കേന്ദ്രം പറയുന്നത് സാധാരണക്കാരന് ഗുണകരമായ രീതിയിലല്ല. രാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കണമെങ്കിൽ വളർച്ച ഉണ്ടാകേണ്ടത് അരി, ഗോതമ്പ്, പരുത്തി, പഞ്ചസാര, ഭക്ഷ്യ എണ്ണ എന്നിവയുടെ ഉൽപാദനത്തിലാണ്. ഇതിൽ രാജ്യം പുറകോട്ടുപോയിരിക്കുന്നതുകൊണ്ട് കേരളത്തിലെ നയങ്ങളും വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിൽ പ്രതിസന്ധിയുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കൃഷിക്കാരന് താങ്ങാനാവാത്ത വിധത്തിൽ ഉൽപാദന ചെലവ് വർദ്ധിച്ചു

കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ഭക്ഷ്യനയത്തിലൂടെ ദരിദ്രരെ കൊന്നൊടുക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയങ്ങൾ രാജ്യത്തെ നാശത്തിലേയ്ക്ക് നയിക്കാൻ ഇടവരുത്തും. കാർഷികരംഗത്ത് ജനങ്ങളെ സംരക്ഷിക്കാനുള്ള നയമുണ്ടായാൽ മാത്രമേ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയൂ. റേഷൻകാർഡ് നിർത്തലാക്കാനാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. കാർഷികമേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളൊന്നും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഉൽപ്പാദനമേഖലയിൽ നിരവധി മാറ്റങ്ങളുണ്ടാക്കി നാളികേരമുൾപ്പെടെ എല്ലാ മേഖലയിലും ഉൽപാദനം വർദ്ധിപ്പിച്ചു. കാർഷിക വളർച്ച 2.8 ശതമാനമായി. മരച്ചീനി കൃഷി കേരളത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവന്നു. ജൈവകൃഷി രീതി കേരളം സ്വീകരിച്ചു. ഭക്ഷ്യ സുരക്ഷിതത്വത്തോടൊപ്പം ആരോഗ്യ സംരക്ഷണം കൂടി ഏറ്റെടുത്ത ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഉൽപ്പന്നങ്ങളിലെ മായംചേർക്കൽ തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. സംസ്ഥാനത്തിന് ഗുണകരമല്ലാത്ത കീടനാശിനികളെ പ്രതിരോധിക്കാനും നിരോധിക്കാനും കഴിയണം. വിഷലിപ്തമായ ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം. പാലിന് വില കിട്ടുന്ന അവസ്ഥയും പാലുൽപാദകന് ഇൻഷ്വറൻസ് പരിരക്ഷയും നടപ്പിലാക്കി. ഹേലി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. സൊസൈറ്റിയിൽ പാൽ കൊടുക്കാത്ത പാലുൽപ്പാദകരെക്കൂടി ഉൾപ്പെടുത്തി പെൻഷൻ പദ്ധതി പരിഷ്ക്കരിക്കാൻ തയ്യാറാകണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം വിലവർദ്ധനവും സാധാരണ ജനങ്ങൾക്ക് ജീവിതപ്രയാസവും ഉണ്ടാക്കിയ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. കേരളത്തിലുള്ള മുഴുവൻ ആദിവാസികളേയും ബി.പി.എൽ. ആയി പരിഗണിച്ച് റേഷൻകാർഡ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റേമേൽ കുറ്റം ചുമത്താതെ അന്യസംസ്ഥാനങ്ങളിൽ നിന്നോ പുറംരാജ്യങ്ങളിൽ നിന്നോ അരി വാങ്ങാൻ തയ്യാറാകണം. ഇറക്കുമതി ചെയ്ത ചെറുപയർ ഉപയോഗശൂന്യമായതിനാൽ 65 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായത്. കേന്ദ്രസർക്കാർ അനുവദിക്കുന്ന ഭക്ഷ്യസാധനങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കണം. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി വകയിരുത്തുന്ന തുക കുറഞ്ഞുവരുകയാണ്. 2010-2011 സാമ്പത്തികവർഷം സിവിൽസപ്ളൈസ് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് 220 കോടി രൂപ വകയിരുത്തണമെന്ന സബ്ജക്ട് കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. 2009 മെയ് 1 മുതൽ 2010 മെയ് 1 വരെ 55818 ടൺ അരിയും 48552 ടൺ ഗോതമ്പും കേന്ദ്രം നൽകിയെങ്കിലും 3000 ടണ്ണോളം അരി ഈ സർക്കാർ ലാപ്സാക്കി. എ.പി.എൽ. വിഭാഗത്തിന് നൽകുന്ന അരിക്ക് 10.63 രൂപയും ബി.പി.എൽ. വിഭാഗത്തിന് നൽകുന്ന അരിക്ക് 13.28 രൂപയും കേന്ദ്രം സബ്സിഡി നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് നഷ്ടം സഹിച്ചാണ് ഈ സബ്സിഡി സംസ്ഥാനത്തിന് നൽകുന്നത്. ഇതെല്ലാം മറച്ചുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : നയവൈകല്യങ്ങളുടെ ഫലമായാണ് രാജ്യം ഭക്ഷ്യപ്രതിസന്ധി നേരിടുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കൂടിയാൽ സ്വാഭാവികമായും രാജ്യത്ത് വിലക്കയറ്റമുണ്ടാകും. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഫെഡിന്റെ ഒരു ശാഖപോലും കേരളത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പരിമിതികൾ പരിഹിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്രം നൽകുന്ന അരി സംസ്ഥാനത്ത് തികയാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് ഇ-ടെണ്ടർ മുഖേന അരിയും മറ്റെല്ലാ സാധനങ്ങളും വാങ്ങി വിതരണം ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി ചെയ്ത പയറാണ് സപ്ലൈകോ വഴി വിതരണം ചെയ്തത്. റേഷൻകടകളോ മറ്റോ അനുവദിക്കുന്നതിൽ അഴിമതിയുണ്ടെങ്കിൽ പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങൾ ഡിസ്പോസ് ചെയ്യേണ്ടി വരുമെന്ന സ്ഥിതി സംജാതമായപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് 8.90 രൂപയ്ക്ക് നൽകേണ്ടിയിരുന്ന അരി 12.40 രൂപയ്ക്ക് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. നാലുവർഷമായി സിവിൽസപ്ലൈസ് കോർപ്പറേഷനിലൂടെ പതിമൂന്നിനം ഭക്ഷ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് തുടരാനാണ് ഉദ്ദേശിക്കുന്നത്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ഈ ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പാവപ്പെട്ടവരുടെ ജീവിത ഉന്നമനം ലക്ഷ്യമാക്കിയാണ് 90 ശതമാനം ഫണ്ടും ചെലവഴിച്ചിട്ടുള്ളത്. 14300 റേഷൻ കടകളിലും 332

ഹോൾസെയിൽ കടകളിലും ഇലക്ട്രോണിക് ത്രാസ്സ് സംവിധാനം ഏർപ്പെടുത്തി; കൂടാതെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. എറണാകുളം ജില്ലയിലെ ഹോൾസെയിൽ സ്ഥാപനം ഗവൺമെന്റ് മേഖലയിലേയ്ക്ക് മാറ്റാൻ ആലോചിച്ചുവരികയാണ്. കഴിഞ്ഞ നാലുവർഷത്തിനിടയിൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല. ആദിവാസികളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് രൂപയ്ക്ക് അരി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സിവിൽസപ്ലൈസ് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സിവിൽസപ്ലൈസ് കോർപ്പറേഷനേയും പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തേയും സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. കേരളത്തിലെ എല്ലാ ജില്ലകളിലും മൊബൈൽ മാവേലി സ്റ്റോർ സമ്പ്രദായം നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തിൽ എറണാകുളം, തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിലായി നാല് ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തനം ആരംഭിക്കും. വലിയതുറയിലെ ഗോഡൗൺ പുതുക്കിപ്പണിയും. കിഴക്കേക്കോട്ടയിലെ സൂപ്പർ മാർക്കറ്റ് മുപ്പത് ലക്ഷം രൂപ ചെലവഴിച്ച് മോഡണൈസ് ചെയ്യും. 100 മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 13 രൂപയ്ക്കുള്ള അരി വിതരണം തുടരുന്നതാണ്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഫ്ളവർ മില്ലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കോന്നിയിൽ രണ്ടരക്കോടി രൂപ ചെലവഴിച്ച് ഫുഡ് അനലൈസ് ലബോറട്ടറി തുടങ്ങുന്നതിനും അവിടെ ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് ക്ലാസ്സുകളും റിസർച്ച് സെന്ററും തുടങ്ങാനും

തീരുമാനമായിട്ടുണ്ട്. ഒമ്പത് ജില്ലകളിൽ സ്വന്തം കെട്ടിടങ്ങളിൽ ജില്ലാ കൺസ്യൂമർ ഫോറം പ്രവർത്തനം തുടങ്ങി. ലീഗൽ മെട്രോളജി വകുപ്പ് പ്രതിവർഷം 18 കോടി രൂപ റവന്യൂവരുമാനം ഉണ്ടാക്കുന്ന സ്ഥാപനമായി മാറി. എറണാകുളത്ത് ഗോൾഡ് പ്യൂരിറ്റി ലബോറട്ടറി ആരംഭിക്കുകയാണ്. റേഷൻകാർഡുകൾ ബയോമെട്രിക് സിസ്റ്റത്തിലാക്കാൻ പോകുകയാണ്. പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ റേഷൻകടകളിലൂടെ സബ്സിഡൈസ്ഡ് റേറ്റിൽ വിതരണം ചെയ്യാനുള്ള 337 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. രണ്ടുതരത്തിൽ റേഷൻ കാർഡുകൾ ഇഷ്യൂ ചെയ്യേണ്ടതുള്ളതുകൊണ്ടാണ് കാലതാമസം വന്നത്. റേഷൻകാർഡിനുവേണ്ടിയുള്ള കെട്ടിക്കിടക്കുന്ന 6 ലക്ഷത്തിലേറെ അപേക്ഷ കളിന്മേൽ മൂന്നുമാസത്തിനകം തീരുമാനമെടുത്തതിനുശേഷമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. ഓൺ-ലൈൻ വഴി റേഷൻകാർഡുകൾ ഇഷ്യൂ ചെയ്യാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ജീവനക്കാ രുടെ അപര്യാപ്തതമൂലം മാവേലി മെഡിക്കൽസ്റ്റോറുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കന്നുകാലികളേയും മറ്റുജന്തുക്കളേയും ചെറിയ വില ഈടാക്കി കർഷകർക്ക് വിതരണം ചെയ്യുന്ന സ്കീം ആരംഭിക്കുന്നതാണ്. മൃഗാശുപത്രികളിൽ വിതരണംചെയ്ത ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വില നൽകുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കും. പാലിന്റേയും മുട്ടയുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 33 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കും. 23 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്ത് മൃഗാശുപത്രികളിലെ ചികിൽസാസൗകര്യങ്ങൾ ശക്തിപ്പെടുത്തും.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ട്. എല്ലാ ജില്ലാ മൃഗാശുപത്രികളിലും ആധുനിക ചികിൽസാ ഉപകരണങ്ങൾ ലഭ്യമാണ്. 11 ജില്ലകളിൽ കേന്ദ്ര ഗവൺമെന്റിന്റെയും 3 ജില്ലകളിൽ സംസ്ഥാന ഗവൺമെന്റിന്റെയും സഹായത്തോടുകൂടി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്. ഒരു വർഷംകൊണ്ട് പാൽ ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതാണ്. കൃത്രിമ ബീജ സങ്കലനം സൗജന്യമാക്കി.. ക്ഷീരകർഷകർക്കുള്ള പെൻഷൻ 300 രൂപയായി വർദ്ധിപ്പിച്ചു. പാലിന് 2.76 രൂപ ക്ഷീരകർഷകന് നേരിട്ട് കിട്ടാനുള്ള നടപടി സ്വീകരിച്ചു. ഓണക്കാലത്തും റംസാൻകാലത്തും ഗുണനിലവാരമുള്ള സാധനങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ബസാറുകൾ വഴി ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി. ഓണക്കാലത്ത് കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും 12 കിലോ അരി സൗജന്യ നിരക്കിൽ കൊടുക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം 29-നെതിരെ 75 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. മൃഗസംരക്ഷണമെന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ

ധനാഭ്യർത്ഥനയും  അനുവദിക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.00 മണിക്ക്  പിരിഞ്ഞു.